**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1774** **19-01-2021 - ൽ മറുപടിയ്ക്ക്**

**ഉത്തരക്കടലാസ്സ് വീട്ടിൽ നിന്നും പിടിച്ചെടുത്ത സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . എം . വിൻസെൻറ് ,<br>ശ്രീ . വി .എസ്. ശിവകുമാർ,<br>ശ്രീ. കെ. എസ്. ശബരീനാഥൻ,<br>ശ്രീമതി ഷാനിമോൾ ഉസ്മാൻ** | | **Dr.K.T.Jaleel<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** | |
| (എ) | യൂണിവേഴ്സിറ്റി കോളേജിലെ കുത്തുകേസ് പ്രതിയുടെ വീട്ടിൽ നിന്നും കേരള സർവ്വകലാശാലയുടെ ഉത്തരക്കടലാസ്സ് പോലീസ് പിടിച്ചെടുത്ത സംഭവത്തിൽ സർവ്വകലാശാല അന്വേഷണസമിതി അന്വേഷണം നടത്തിയിരുന്നോ; | (എ) | അന്വേഷണം നടത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത അന്വേഷണത്തിൽ കണ്ടെത്തിയ കാര്യങ്ങൾ എന്താണ്; ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (ബി) | പിടിച്ചെടുത്ത ഉത്തരക്കടലാസുകൾ യൂണിവേഴ്സിറ്റി കോളേജിൽ നിന്നും നഷ്ടപ്പെട്ടതാണെന്ന് വ്യക്തമായിട്ടുണ്ട്. യൂണിവേഴ്സിറ്റി കോളേജിൽ നടന്ന ക്രമക്കേടിന്റെ അടിസ്ഥാനത്തിൽ എല്ലാ അഫിലിയേറ്റഡ് കോളേജുകളിലും 2015 മുതൽ നൽകിയ ഉത്തരക്കടലാസുകളുടെ സ്ഥിതിവിവരക്കണക്കുകൾ ആവശ്യ പ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിന് സംസ്ഥാന പോലീസ് മേധാവിക്ക് പരാതി നൽകിയിട്ടുണ്ട്. എല്ലാ അഫിലിയേറ്റഡ് കോളേജ് പ്രിൻസിപ്പൽമാരുടെയും മീറ്റിംഗ് വിളിച്ചുകൂട്ടുകയും പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട് പാലിക്കേണ്ട നിർദ്ദേശങ്ങൾ വിശദമാക്കുകയും പരീക്ഷ സംബന്ധമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന സ്ഥലങ്ങൾ പൂർണ്ണമായും സി.സി.റ്റി.വി. ക്യാമറയുടെ പരിധിയിൽ കൊണ്ട് വരേണ്ടതാണെന്ന കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ.കെ.ബി. മനോജ്, പ്രൊഫ.ലളിത, ഡോ.കെ.ജി.ഗോപ്ചന്ദ്രൻ എന്നിവർ ഉൾപ്പെട്ട ഉപസമിതി യൂണിവേഴ്സിറ്റി കോളേജിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ, കേരള യൂണിവേഴ്സിറ്റി പരീക്ഷ കൺട്രോളറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോളേജിലെ പരീക്ഷ ചുമതല വഹിച്ചിരുന്ന ഡോ. അബ്ദുൽ ലത്തീഫ് ഇ. , ഡോ. കെ. കൃഷ്ണൻ കുട്ടി |

| | | | |
|---|---|---|---|
| | | | എന്നീ അധ്യാപകരെ പരീക്ഷ ചുമതലകളിൽ നിന്നും ഡീബാർ ചെയ്തിട്ടുണ്ട്. കൂടാതെ , ഇവർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കാൻ യൂണിവേഴ്സിറ്റി രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സർവ്വകലാശാലയിൽ ഒരു വിജിലൻസ് വിങ് രൂപീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |
| (സി) | അന്വേഷണത്തിൽ കുറ്റക്കാരനെന്ന് കണ്ടെത്തിയ അദ്ധ്യാപകനെ സർവ്വകലാശാലയിൽ അറബിക് പ്രൊഫസറായി നിയമിക്കുവാൻ യൂണിവേഴ്സിറ്റി സെലക്ഷൻ കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ടോ; ഇക്കാര്യത്തിൽ സിൻഡിക്കേറ്റിന്റെ തീരുമാനം എന്താണെന്ന് വെളിപ്പെടുത്താമോ? | (സി) | കേരള സർവകലാശാല അറബിക് ഡിപ്പാർട്ട്മെന്റിൽ നടന്ന പ്രൊഫസർ തസ്തികയിലെ സെലക്ഷൻ പ്രോസസിൽ യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാതി രുന്നതിനാൽ പ്രസ്തുത തസ്തികയിലേക്ക് നിയമനം നടത്തപ്പെട്ടില്ല. 29.12.2020 ൽ നടന്ന സിൻഡിക്കേറ്റ് തീരുമാനപ്രകാരം പ്രസ്തുത തസ്തിക പുനഃവിജ്ഞാപനം ചെയ്യുന്നതാണ്. കേരള സർവകലാശാല അറബിക് പഠന വിഭാഗത്തിലെ അസ്സോസിയേറ്റ് പ്രൊഫസർ തസ്തികയിലേക്ക് സ്ക്രീനിംഗ് കം സെലക്ഷൻ കമ്മിറ്റി നിയമന ശിപാർശ നൽകിയ ഉദ്യോഗാർത്ഥി ഡോ. അബ്ദുൽ ലത്തീഫ്. ഇ ആണ്. 29.12.2020 ൽ നടന്ന സിൻഡിക്കേറ്റ് തീരുമാനപ്രകാരം, അദ്ദേഹത്തിനുമേൽ ആരോപിക്കപ്പെട്ട വിഷയത്തിൽ സ്റ്റാൻഡിംഗ് കൗൺസിലിന്റെ നിയമോപദേശം കൂടി പരിഗണിച്ചതിനുശേഷം നിയമനം നൽകുന്നത് സംബന്ധിച്ച് തീരുമാനിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ